തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, 1986 നവംബർ 4-ാം തീയതി ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് ശ്രീവൽസം എന്ന ഒരു ഫിഷിംഗ് ബോട്ട് കൊടുങ്ങല്ലൂർ അഴിമുഖത്തെ മണൽത്തിട്ടയിൽ തട്ടിയതിന്റെ ഫലമായി അപകടത്തിൽ പെടുകയുണ്ടായി. ഈ അപകടത്തിൽ ഒരാളെ കാണാതായിട്ടുണ്ട്. മൂന്നുപേർ പരിക്കുകളോടെ രക്ഷപ്പെടുകയും അവർ ആശുപത്രിയിൽ ചികിൽസയിലുമാണ്. അപകടങ്ങൾ ഒഴിവാക്കുന്നതിന് ബോട്ടുകളുടെ സുഗമമായ ഒരു ചാനൽ ഉണ്ടാക്കേണ്ടതുണ്ട്. നേരത്തെ അവിടെ ഡ്രഡ്ജിംഗ് നടത്തിയിട്ടുള്ളതാണ്. പുന ജലവൈദ്യുത ഗവേഷണനിലയത്തിന്റെ അഭിപ്രായത്തിൽ അവിടെ പുലിമുട്ടുകൾ ഇടാതെ ഡ്രഡ്ജിംഗ് നടത്തുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല; ഒന്നുരണ്ടു ദിവസത്തിനുള്ളിൽ തന്നെ അവിടെ ഡ്രഡ്ജിംഗ് നടത്തുന്ന ചാനൽ വീണ്ടും നിറയുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ നേരിട്ട് ബോദ്ധ്യമുള്ള കാര്യമാണ്. ഇങ്ങനെ പുലിമുട്ടുകൾ ഇടുന്നതിന് ഒരു പ്രോജക്ട് സംസ്ഥാന ഗവൺമെന്റ് ഉണ്ടാക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏഴാം പദ്ധതിക്കാലത്ത് സാമ്പത്തികമായ പരിമിതികൊണ്ട് അത് ഉൾപ്പെടുത്താൻ കഴിയുകയില്ലെന്നാണ് മറുപടി കിട്ടിയിരിക്കുന്നത്. പക്ഷേ സംസ്ഥാന ഗവൺമെന്റിന്റെ പ്ലാനിൽ 10 ലക്ഷം രൂപ ഇതിനുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന് ചീഫ് എൻജിനീയർ ഗവൺമെന്റിലേക്ക് റിപ്പോർട്ട് അയച്ചിട്ടുണ്ട്. അത് പ്ലാനിംഗ് കമ്മീഷന്റെ പരിഗണനയിലാണ്. അത് പരിഗണിച്ചു കഴിഞ്ഞാൽ ഉടനെ അതിനുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്. അതേപോലെ റെസ്ക്യൂ ഓപ്പറേഷനുവേണ്ടിയും വേണ്ടുന്ന എല്ലാ നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (27) മദ്യവ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഈ സംസ്ഥാനത്ത് രണ്ടായിരത്തോളം ചാരായഷോപ്പുകളിലും വിദേശ മദ്യ ഷോപ്പുകളിലുമായി ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ഇന്ന് പ്രോവിഡന്റ് ഫണ്ടോ ഗ്രാറ്റുവിറ്റിയോ നല്കുന്നതിനുള്ള യാതൊരു നിയമ വ്യവസ്ഥയും നിലവിലില്ല. രണ്ടും നാലും തൊഴിലാളികൾ വീതം മാറിമാറി വരുന്ന കോൺട്രാക്ടർമാരുടെ കീഴിൽ പണിയെടുക്കുന്നവരാണെങ്കിലും ഈ തൊഴിലാളികൾ സംസ്ഥാനാടിസ്ഥാനത്തിൽ സംഘടിതരാണ്. അവരുടെ സംഘടിതമായ പ്രക്ഷോഭണത്തിന്റെ ഫലമായി ഇപ്പോൾ കോൺട്രാക്ടർമാരെക്കൊണ്ട് പ്രോവിഡന്റ് ഫണ്ടിലേക്കും ഗ്രാറ്റുവിറ്റിയിലേക്കും സംഭാവന ചെയ്യിക്കുന്നതിന് അവർക്ക് കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഇന്ന് മൊത്തം ശമ്പളത്തിന്റെ 16% പ്രോവിഡന്റ് ഫണ്ടായും 5% ഗ്രാറ്റുവിറ്റിയായും യൂണിയനുകൾ സംഭരിച്ച് ഓരോ തൊഴിലാളിയുടേയും പേരിൽ സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരുവർഷം ഏതാണ്ട് 35 ലക്ഷം രൂപ വരും. 11 ജില്ലകളിലും ഇത് കോൺട്രാക്ടർമാർ അംഗീകരിച്ച് അതിലേക്കുള്ള വിഹിതം, പ്രോവിഡന്റ് ഫണ്ടിലേക്ക് 8 ശതമാനവും ഗ്രാറ്റുവിറ്റിയിലേക്ക് 5 ശതമാനവും കോൺട്രാക്ടർമാർ നൽകിക്കൊണ്ടിരിക്കുകയാണ്. ഇതിന് ഒരു സംരക്ഷണം നൽകാനുള്ള ഒരു നിയമവ്യവസ്ഥ കൊണ്ടുവരണമെന്നുള്ളത് മാത്രമേയുള്ളു. ഗവൺമെന്റിന് സാമ്പത്തികമായി യാതൊരു ബാദ്ധ്യതയുമില്ല. സൻമനസ്സുണ്ടായാൽ മാത്രം മതി. മുൻപ് കള്ളുചെത്തു വ്യവസായത്തിൽ ഇങ്ങനെ ശേഖരിച്ചിരുന്ന ഫണ്ട് സ്വരൂപിച്ച് നിയമസംരക്ഷണം നൽകുന്നതിനുവേണ്ടി ഒരു ക്ഷേമനിധി ആക്ടുണ്ടാക്കി. ആ ആക്ടിന്റെ മാതൃകയിൽ തന്നെ ഇതിനും ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ 35 ലക്ഷം രൂപ തൊഴിലാളികളും കൂടി കൂട്ടുചെയ്ത് നിക്ഷേപിക്കുന്നതു കണ്ടപ്പോൾ ഇ.പി.എഫിന്റെ അധികൃതർ ഇതിൽ ഇടപെടാൻ തുടങ്ങിയിരിക്കുകയാണ്. രണ്ടോ നാലോ തൊഴിലാളികളും പണിയെടുക്കുന്ന ഈ ഷോപ്പുകളെ ഇ.പി.എഫിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല. ഗ്രാറ്റുവിറ്റി അവർക്ക് സംഭരിക്കുവാനുള്ള നിയമവുമില്ല. ഈ സാഹചര്യത്തിൽ കള്ളു ചെത്തു തൊഴിലാളികൾക്ക് രൂപീകരിച്ച വെൽഫെയർ ഫണ്ടിന്റെ മാതൃകയിൽ തന്നെ ഈ തൊഴിലാളികൾക്കും ഒരു പ്രത്യേകമായ ക്ഷേമനിധി നിയമം എത്രയും വേഗം കൊണ്ടുവരണം. അങ്ങനെ അവരുടെ ഈ ഫണ്ടിന് സംരക്ഷണം നൽകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഈ കാര്യം ഗവൺമെന്റ് പരിഗണിക്കുകയുണ്ടായി. ഇങ്ങനെ ഒരു ക്ഷേമനിധി ഉണ്ടാക്കുന്നത് ആവശ്യമാണ്. ആദ്യമായി ചെത്തുതൊഴിലാളികളുടെ ചെലവ് കുറയ്ക്കുന്നതിനുവേണ്ടി ചെത്തുതൊഴിലാളി ക്ഷേമനിധിയുടെ കീഴിൽത്തന്നെ ഇത് കൊണ്ടുവരാമോ എന്ന് പരിശോധിച്ചു. പക്ഷേ അതിന്റെ ബന്ധപ്പെട്ട ആളുകൾക്ക് അതിനോടും യോജിപ്പില്ലാത്തതുകൊണ്ട് പ്രത്യേകമായി ഇവർക്ക് ഒരു ക്ഷേമനിധിയുണ്ടാക്കുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്. എത്രയും വേഗം ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (28) ഹരിജനങ്ങളെ മർദ്ദിച്ച സംഭവം

ശ്രീമതി കെ. ആർ. ഗൗരി : സർ, ഹരിപ്പാട് ചെറുതന വില്ലേജിൽ പാണ്ടി എന്ന പ്രദേശത്ത് രണ്ട് വസ്തു ഉടമസ്ഥൻമാർ തമ്മിൽ ഒരു വാച്ചാൽ തർക്കമുണ്ടായി. ആ വാച്ചാൽ തർക്കത്തിൽ അവിടെ ജോലിചെയ്തിരുന്നതായ കർഷകത്തൊഴിലാളികളും ജോലി കഴിഞ്ഞ് ചായക്കടയിൽ കാപ്പികുടിക്കാൻ കയറിയപ്പോൾ ഒരു വസ്തു ഉടമസ്ഥന്റെ കുറെയാളുകളും ചായക്കടയിൽവച്ച് പെൺകുട്ടികളായ കർഷകത്തൊഴിലാളികളെ ഉപദ്രവിക്കുന്നതിന് ഒരു ശ്രമം നടത്തുകയും അവിടെവച്ച് ഒരു ചെറിയ സംഘട്ടനമുണ്ടാകുകയും 2 കർഷകതൊഴിലാളികളെ പരിക്കേൽക്കുകയും ചെയ്തു. അതു കഴിഞ്ഞതിനുശേഷം അന്നു രാത്രിതന്നെ അപ്പച്ചൻ തോട്ടവേലിൽ, കുരിയച്ചൻ തോട്ടവേലിൽ, മോനിയൻ തോട്ടവേലിൽ, വക്കച്ചി കോട്ടയ്ക്കകം എന്നിവരുടെ നേതൃത്വത്തിൽ ഏതാണ്ട് 10—15-ഉം ജൻമികളുടെതായിട്ടുള്ള ഗുണ്ടകളോ അവരുടേതായ ആൾക്കാരോ വന്ന് ഈ കർഷകത്തൊഴിലാളികളായിട്ടുള്ളവരുടെ വീടുകളിൽ കയറി അവരെ വടിയും മറ്റ് ആയുധങ്ങളും കൊണ്ട് ആക്രമിക്കുകയുണ്ടായി. ആ ആക്രമത്തിൽ പരിക്കേറ്റതായ എം. വി. പത്മനാഭൻ, സുരേന്ദ്രൻ, ഹരിദാസൻ, കെ. രാമചന്ദ്രൻ, മുരളി, കുട്ടി, പാണിത്തറകുട്ടി, സുജാത, വൽസല, ഉഷകുമാരി എന്നിവർ ആശുപത്രിയിലാണ്. അതിൽ കുട്ടി നടുവിനും എല്ലിനും കേടുപറ്റി മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്. ഈ കർഷകതൊഴിലാളികളായ സുജാത, വൽസല, ഉഷകുമാരി തുടങ്ങിയവർ കല്യാണം കഴിക്കാത്ത പെൺകുട്ടികളാണ്. ഇവരെ വീടുകളിൽ കയറി അപമാനിക്കുകയും ചെയ്തു. ഈ വിധത്തിലുള്ള നടപടി വന്നിട്ടും ഇന്നും കാര്യമായവിധത്തിലുള്ള കേസ് എടുത്തിട്ടില്ല. അതിനു ആവശ്യമായിട്ടുള്ള നടപടിയെടുത്ത് അവരെ ശിക്ഷിക്കുന്നതിനുവേണ്ടിയുള്ള നീക്കമുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അവിടെ കൃഷിസ്ഥലത്ത് ചാല് ക്ലിയർ ചെയ്യുന്നത് സംബന്ധിച്ച ഒരു തർക്കമായിരുന്നു. ആ തർക്കത്തെ തുടർന്ന് അതിന്റെ ഉടമസ്ഥൻ എന്ന് അവകാശപ്പെടുന്നയാൾ വന്ന് ചാലിന്റെ

LIBRARY ARCHIVES Kerala Legislative Assembly